➪ ആൽക്കലൈനുകളുടെ സാന്നിധ്യം കൂടുതലുള്ളതായാണ് കണ്ടെത്താൻ കഴിഞ്ഞത് ➪

2013 മേയ് 29, 30, ജൂൺ ഒന്ന് തീയതികളിൽ ചാലക്കുടിപ്പുഴയിൽ കാടുകുറ്റി, അന്നമനട, പൂവ്വത്തുശ്ശേരി തുടങ്ങിയ ഭാഗങ്ങളിൽ ആയിരക്കണക്കിന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവം പുഴ മലിനീകരിക്കപ്പെടുന്നതിനെക്കുറിച്ചുള്ള ഭീകരമായ ഒരു ചിത്രമാണ് നമുക്ക് നൽകിയത്. അന്നമനട, പൂവ്വത്തുശ്ശേരി തുടങ്ങിയ ഭാഗങ്ങളിൽ ആയിരക്കണക്കിന് മത്സ്യങ്ങൾ ചത്തുപൊങ്ങിയിരിക്കുന്നു. കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിറ്റാ ജലാറ്റിൻ ഇന്ത്യ ലിമിറ്റഡ് (എൻ.ജി.ഐ.എൽ) എന്ന സ്വകാര്യ വ്യവസായ സ്ഥാപനത്തിൽ നിന്നുള്ള മലിനജലം പുഴയിലേക്ക് തുറന്നുവിടുന്ന പ്രദേശത്തും അതിന് താഴെ ഏതാനും കിലോമീറ്റർ ദൂരത്തുമാണ് മത്സ്യങ്ങൾ ചത്തുപൊന്തിയത്. പ്രാഥമികമായി കിട്ടിയ തെളിവുകൾ എൻ.ജി.ഐ.എൽ കമ്പനിക്ക് എതിരാണെങ്കിലും മലിനീകരണത്തിന്റെ സ്രോതസ്സ് ആരാണെന്ന് ഇനിയും വ്യക്തമായിട്ടില്ല. ആ സാഹചര്യത്തിൽ നാട്ടുകാർ എൻ.ജി.ഐ.എൽ കമ്പനിയെ സംശയിക്കുന്നതിൽ തെറ്റില്ല. കാരണം മത്സ്യങ്ങൾ ചത്തുപൊന്തിയ ദിവസം പുഴയിൽ അടിഞ്ഞ മാലിന്യങ്ങൾ കമ്പനിയിൽ നിന്നും പുറത്തുവരുന്ന മാലിന്യങ്ങളുമായി സാമ്യമുണ്ടായിരുന്നതായാണ് അവർ പറയുന്നത്. അവർക്കത് നാളുകളായി പരിചയമുള്ളതാണ്. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ജലത്തിലെ രാസമാലിന്യങ്ങൾ കമ്പനിയിൽ നിന്നും പതിവായി പുറത്തേക്ക് വരാറുള്ളവയായിരുന്നില്ല. ആൽക്കലൈനുകളുടെ സാന്നിധ്യം കൂടുതലുള്ളതായാണ് പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞത്. എൻ.ജി.ഐ.എൽ കമ്പനിയിൽ നിന്നും ആൽക്കലൈനുകൾ വരാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ചിലപ്പോൾ ആൽക്കലൈനുകളുണ്ടാകാം. എന്തായാലും മലിനീകരണത്തിന്റെ സ്രോതസ്സ് എവിടെ നിന്നാണ് എന്ന് വിശദമാക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിന് കഴിയാത്തതുകൊണ്ട് എൻ.ജി.ഐ.എല്ലിന് അത്ര എളുപ്പത്തിൽ ശുദ്ധരാകാൻ കഴിയില്ല. അത്രക്ക് മാരകമായ മലിനീകരണമാണ് പുഴയിൽ സംഭവിച്ചത്. പുഴയിൽ ചത്തുപൊന്തിയ മത്സ്യങ്ങളുടെ കണക്കിൽ നിന്നും ആർക്കും അത് വ്യക്തമാകും. കേരളത്തിലെ ശുദ്ധജല മ

# ചാലക്കുടിപ്പുഴയിലെ മത്സ്യക്കുരുതിക്ക് പിന്നിൽ

2013 മേയ് 29, 30 ജൂൺ ഒന്ന് തീയതികളിൽ ചാലക്കുടിപ്പുഴയിൽ വലിയ തോതിൽ മത്സ്യങ്ങൾ ചത്തുപൊന്തി. നിറ്റാ ജലാറ്റിൻ കമ്പനി മാലിന്യം പുഴയിലേക്കൊഴുക്കുന്നതിന് താഴെയാണ് മത്സ്യക്കുരുതി നടന്നത് എന്നതിനാൽ കമ്പനിയും സംശയത്തിന്റെ നിഴലിലാണ്. പ്രജനന കാലത്ത് മത്സ്യസമ്പത്തിനുണ്ടായ നാശം സൃഷ്ടിക്കുന്ന ആഘാതങ്ങളെക്കുറിച്ച്

**ഡോ. സി.പി. ഷാജി**

➪ ഇത്തവണ ചാലക്കുടിപ്പുഴയിൽ ഊത്തപിടിക്കാനിറങ്ങിയവർക്ക് വളരെ കുറച്ച് മത്സ്യങ്ങളെ മാത്രമാണ് കിട്ടിയത് ➪



മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊന്തിയപ്പോൾ

ത്സ്യങ്ങളുടെ പ്രജനന സമയത്താണ് ഈ ചത്തൊടുങ്ങൽ സംഭവിച്ചത് എന്നതാണ് ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നത്. ഊത്തയുടെ സീസണിൽ തന്നെയാണ് ദുരന്തം നടന്നത്.

**ഊത്ത എന്ന പ്രതിഭാസം**

മൺസൂൺ മഴ തുടങ്ങുന്ന ആദ്യ ദിവസങ്ങളിൽ പുഴയുടെ കീഴ്ത്തടങ്ങളിൽ കാണപ്പെടുന്ന മത്സ്യങ്ങൾ പുഴയിലെ മേൽത്തടങ്ങളിലേക്ക് മുട്ടയിടുന്നതിനായി യാത്ര തുടങ്ങും. ഈ പ്രതിഭാസത്തെയാണ് ഊത്ത എന്ന് പറയുന്നത്. മത്സ്യങ്ങളുടെ ഈ യാത്ര പ്രജനന ദേശാന്തര ഗമനം എന്നും അറിയപ്പെടുന്നു. അങ്ങനെ മുകളിലേക്ക് യാത്ര തുടങ്ങുന്ന മത്സ്യങ്ങൾ പുഴയിൽ നിന്നും ചെറിയ അരുവികളിലൂടെ യാത്ര ചെയ്ത് വെള്ളം കെട്ടിനിൽക്കുന്ന നെൽപ്പാടങ്ങളിൽ മുട്ട നിക്ഷേപിക്കുന്നു. അവിടെ വച്ചാണ് മുട്ട വിരിഞ്ഞ് മത്സ്യകുഞ്ഞുങ്ങളുണ്ടാകുന്നത്. മൺസൂൺ മഴയുടെ തുടക്കത്തിൽ നടക്കുന്ന ഒരു പാരിസ്ഥിതിക പ്രതിഭാസമാണ് ഊത്ത. ഒഴുക്കുള്ള പുഴയിൽ മുട്ട നിക്ഷേപിക്കാൻ കഴിയാത്തതിനാലാണ് അവർ പുഴയിൽ നിന്നും കൈത്തോടുകൾ വഴി സഞ്ചരിച്ച് നെൽപ്പാടങ്ങളിലെ വെള്ളക്കെട്ടുകളിൽ മുട്ടയിടുന്നത്. നെൽപ്പാടങ്ങളിലാകുമ്പോൾ ഒഴുക്കുണ്ടാകില്ല. പ്രജനന ദേശാന്തര ഗമനം ആദ്യ മഴ തുടങ്ങി ആറ് ദിവസത്തേക്ക് മാത്രമേ ഉണ്ടാകൂ. അപ്പോഴേക്കും മത്സ്യങ്ങൾ അവരുടെ ഉദ്ദിഷ്ടസ്ഥാനം കണ്ടെത്തിയിരിക്കും. ആദ്യദിവസത്തെ മഴ തുടങ്ങുമ്പോൾ തന്നെ വെള്ളത്തിന്റെ താപനിലയിൽ വരുന്ന വ്യത്യാസം മത്സ്യങ്ങൾക്ക് അറിയാൻ കഴിയും. തുടർന്ന് ഒഴുക്കിലും വ്യത്യാസം കണ്ടുതുടങ്ങും. ഈ സൂചനകൾ കിട്ടുന്നതോടെയാണ് കീഴ്ത്തടത്തിലെ മത്സ്യങ്ങൾ പ്രജനന ദേശാന്തര ഗമനത്തിനായി തയ്യാറെടുക്കുന്നത്. ആദ്യ സൂചന കിട്ടുമ്പോൾ തന്നെ മത്സ്യങ്ങൾ കൂട്ടംകൂടി യാത്രയ്ക്ക് തയ്യാറെടുക്കും. മഴ പെയ്ത് നെൽപ്പാടങ്ങളിൽ വെള്ളം കെട്ടിത്തുടങ്ങുമ്പോഴേക്കും അവർ യാത്ര തുടങ്ങും. ഒഴുക്കിലുണ്ടാകുന്ന വ്യത്യാസത്തിലൂടെയാണ് അവർ ഇതറിയുന്നത്. ഊത്ത സജീവമായി നടക്കുന്ന പുഴയാണ് ചാലക്കുടിപ്പുഴ. ഊത്ത തുടങ്ങുന്നതോടെ കൈത്തോടുകളിലും വയലുകളിലും ഊത്ത പിടുത്തവും തുടങ്ങും. എന്നാൽ ഇത്തവണ ചാലക്കുടിപ്പുഴയിൽ ഊത്തപിടിക്കാനിറങ്ങിയവർക്ക് വളരെ കുറച്ച് മത്സ്യങ്ങളെ മാത്രമാണ് കിട്ടിയത്. പുഴ മലിനീകരിക്കപ്പെടുകയും മത്സ്യങ്ങൾ ചത്തുപോവുകയും ചെയ്തതാണ് ഊത്ത കുറയാൻ കാരണം. ഭീമമായ തോതിലുള്ള മത്സ്യസമ്പത്താണ് ഇത്തവണ നഷ്ടമായത്. അതുണ്ടാക്കുന്ന പാരിസ്ഥിതിക ദുരന്തം കണക്കാക്കാൻ കഴിയാത്തതാണ്. ഇത്തവണ ആദ്യ മഴ തുടങ്ങിയ

ദിവസങ്ങളിലാണ് മലിനീകരണം കാരണം മത്സ്യങ്ങൾ ചത്തുപൊന്തിയത്. അതായത് പ്രജനന ദേശാന്തര ഗമനത്തിനായി മത്സ്യങ്ങൾ യാത്ര തുടങ്ങാൻ തീരുമാനിച്ച സമയത്താണ് മലിനീകരണമുണ്ടായത്. മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊന്താനും കാരണം അതാണ്. ചത്തുപൊന്തിയ മത്സ്യങ്ങളുടെയെല്ലാം വയറ്റിൽ ഒരുപാട് മുട്ടയുണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ചാലക്കുടിപ്പുഴയിൽ പ്രധാനമായും ഊത്തപിടിക്കുന്ന സ്ഥലങ്ങളായ കുഴൂച്ചിറ, കുണ്ടൂർ, വെണ്ണിപ്പാടം, കരിക്കാട്ടുചാൽ, വാളൂപ്പാടം എന്നിവിടങ്ങളിലാണ് വ്യാപകമായ തോതിൽ ഊത്തയിൽ കുറവുണ്ടായത്. കരിക്കാട്ടുചാൽ, വെണ്ണിപ്പാടം പാടങ്ങളിൽ 2011ൽ രണ്ട് ലക്ഷം രൂപയുടെ മത്സ്യങ്ങളാണ് പിടിച്ചത്. എൻ.ജി.ഐ.എൽ കമ്പനിയിൽ നിന്നുള്ള മലിനീകരണം പുഴയെ പതിവായി ബാധിക്കുന്ന പ്രദേശങ്ങൾ കൂടിയാണിത്.

മത്സ്യങ്ങൾക്ക് സ്ഥിരമായ ദേശാന്തര ഗമന പാതകളുണ്ട്. പുഴയിലേക്ക് ഒഴുകിയെത്തിയിരുന്ന കൈത്തോടുകൾ ധാരാളമുണ്ടായിരുന്ന കാലത്ത് അത്തരം പാതകളും വളരെ കൂടുതലുണ്ടായിരുന്നു. ഇന്ന് കൈത്തോടുകളുടെ എണ്ണം കുറയുകയും ദേശാന്തര പാതകൾ ചുരുങ്ങുകയും ചെയ്തിട്ടുണ്ട്

മെയ് 29ന് രാവിലെ തന്നെ പുഴയിൽ പതിവില്ലാത്ത വിധം ഓയിൽ തളം കെട്ടിനിൽക്കുന്നത് നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. മത്സ്യങ്ങൾക്ക് ശ്വാസം മുട്ടൽ അനുഭവപ്പെടുന്നതായും വെള്ളത്തിൽ നിന്നും ശ്വാസമെടുക്കുന്നതിനായി മത്സ്യങ്ങൾ പൊങ്ങിവരുന്നതായും കാണാൻ കഴിഞ്ഞു. കുറച്ച് സമയം കഴിഞ്ഞപ്പോഴേക്കും മത്സ്യങ്ങൾ പലയിടത്തുമായി ചത്തുപൊന്തിത്തുടങ്ങി. ഉച്ചകഴിഞ്ഞതോടെ ചത്ത മത്സ്യങ്ങൾ വലിയ തോതിൽ തീരത്തിനോട് ചേർന്ന് അടിഞ്ഞു. സംഭവസ്ഥലത്തെത്തിയ എനിക്ക് അന്നമനട പാലത്തിന് സമീപത്തായി വാള, ആറ്റുവാള, തൂളി, കരിമീൻ, മഞ്ഞക്കൂരി, ചേരൻ, പൂവാലിപ്പരൽ, വാലെക്കൊടിയൻ പരൽ, ഉരുളൻ പരൽ തുടങ്ങിയ 16 തരത്തിലുള്ള മത്സ്യങ്ങൾ വലിയ തോതിൽ ചത്തുപൊന്തിയതായി കാണാൻ കഴിഞ്ഞു. പ്രശ്നങ്ങൾ അന്നത്തോടെ തീർന്നില്ല. അടുത്ത ദിവസം രാവിലെ പൂവ്വത്തുശ്ശേരി കടവിലും സമാനമായ മത്സ്യക്കൊല നടന്നു. 26 ഇനം മത്സ്യങ്ങളാണ് അവിടെ ചത്തുപൊന്തിയത്. വാളയും കരിമീനും പോലെയുള്ള വലിയ മത്സ്യങ്ങൾ ഊത്ത സീസണിൽ ചത്തുപൊന്തിയതിനെതിരെ വ്യാപകമായ പ്രതിഷേധം നാട്ടുകാരുടെ ഭാഗത്ത് നിന്നും ഉയർന്നുവന്നു. അതിനടുത്ത ദിവസം ചാലക്കുടിപ്പുഴയിൽ റെഗുലേറ്റർ സ്ഥിതി ചെയ്യുന്ന കണക്കൻകടവിലും വ്യാപകമായ തോതിൽ മത്സ്യക്കുരുതിയുണ്ടായി. 18 ഇനം മത്സ്യങ്ങൾ ചത്തുപൊന്തിയതായാണ് അവിടെ കാണാൻ കഴിഞ്ഞത്. ഈ മൂന്ന് ദിവസങ്ങൾ ഊത്തപിടുത്തത്തിലെ പ്രധാന ദിവസങ്ങളാണ്. പരമ്പരാഗതവും അല്ലാത്തതുമായ മീൻപിടുത്തക്കാർ ഊത്തപിടിച്ചുതുടങ്ങുന്ന ദിവസങ്ങളാണ്. മത്സ്യങ്ങൾ ചത്തുപൊന്തിയതിന്റെ കുറവ് ഊത്തപിടുത്തത്തിൽ വളരെ വേഗം പ്രതിഫലിച്ചു.

**ആഘോഷമാകുന്ന ഊത്തപിടുത്തം**

ഊത്തപിടുത്തത്തിന്റെ വലിയ ചരിത്രമുള്ള പുഴയാണ് ചാലക്കുടിപ്പുഴ. പ്രാദേശിക ആഘോഷവും തദ്ദേശീയ സമ്പദ്‌വ്യവസ്ഥയെ ചെറിയ തോതിൽ സ്വാധീനിക്കുന്ന ഘടകവുമാണെങ്കിലും ഇപ്പോൾ നടക്കുന്ന ഊത്തപിടുത്തം പൂർണ്ണമായും ന്യായീകരിക്കാൻ കഴിയുന്ന കാര്യമല്ല. പുഴയുടെയും ഊത്തപിടുത്തത്തിന്റെയും സ്വഭാവത്തിൽ വന്ന മാറ്റങ്ങളാണ് അങ്ങനെ പറയാനുള്ള പ്രധാന കാരണം. ചാലക്കുടിപ്പുഴയിൽ ഇപ്പോഴും സജീവമായി ഊത്ത നടക്കുന്നു എന്നത് പുഴയുടെ ജീവനെയാണ് കാണിക്കുന്നത്. ചെറിയ ദൂരപരിധിക്കുള്ളിലെ യാത്രയാണ് മത്സ്യങ്ങളുടെ പ്രജനന ദേശാന്തര ഗമനം. 15 കിലോമീറ്ററോളം ദൂരം മാത്രമെ അത് പരമാവധി പോകാറുള്ളൂ. മത്സ്യങ്ങൾക്ക് സ്ഥിരമായ ദേശാന്തര ഗമന പാതകളുണ്ട്. പുഴയിലേക്ക് ഒഴുകിയെത്തിയിരുന്ന കൈത്തോടുകൾ ധാരാളമുണ്ടായിരുന്ന കാലത്ത് അത്തരം പാതകളും വളരെ കൂടുതലുണ്ടായിരുന്നു. ഇന്ന് കൈത്തോടുകളുടെ എണ്ണം കുറയുകയും ദേശാന്തര പാതകൾ ചുരുങ്ങുകയും ചെയ്തിട്ടുണ്ട്. പുഴയുടെ കരകൾ കല്ലിട്ട് കെട്ടുകയും കൈത്തോടുകൾ ഏകജാലക കനാലുകളായി മാറുകയും ചെയ്തു. അതോടെ പ്രജനന ദേശാന്തര ഗമനത്തിനായി മത്സ്യങ്ങൾ ഈ ഏകജാലക കനാലുകളിലൂടെ പോകാൻ തുടങ്ങി. ഊത്തപിടിക്കുന്നവർക്കും അത് എളുപ്പമായി. മത്സ്യങ്ങൾ ഏകജാലകങ്ങളിലൂടെ ദേശാന്തര ഗമനം തുടങ്ങിയതോടെ ഊത്തപിടിക്കുന്നവർക്ക് എണ്ണത്തിൽ നഷ്ടം വരാത്തതരത്തിൽ ഊത്തപിടിക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെ

➯ *ഇന്ന് മത്സ്യങ്ങളുടെ വംശം നിലനിൽക്കുന്നതുതന്നെ ഊത്തപിടിക്കുന്നവരുടെ കൈപ്പിഴ കൊണ്ടാണ്* ➯



ഏകജാലക കനാലിലെ ഊത്തപിടുത്തം

ട്ടു. ഇത് മത്സ്യങ്ങളുടെ വൈവിധ്യത്തെയും പുഴയുടെ ജൈവവ്യവസ്ഥയെയും തകർത്തുകളയുന്ന ഇടപെടലാണ്. പ്രജനനകാലത്താണ് ഇത്തരത്തിൽ വ്യാപകമായി പിടിക്കുന്നത് എന്നതുകൂടി ഓർക്കണം. പുഴയിലേക്ക് കനാലുകൾ വന്നുചേരുന്ന വഴിക്ക് വച്ചുതന്നെ മത്സ്യങ്ങൾ പിടിക്കപ്പെടുന്നു. പോത്തുശ്ശേരി ഭാഗത്ത് അത് നമുക്ക് വ്യക്തമായി കാണാം. കരിക്കാട്ടുചാൽ കോൾ നിലത്തിലേക്ക് മത്സ്യങ്ങൾ മുട്ട നിക്ഷേപിക്കുന്നതിനായി പോകുന്ന വഴിയാണ് അത്. ആ വഴിക്ക് വച്ചുതന്നെ മത്സ്യങ്ങൾ പിടിക്കപ്പെടുന്നു. പണ്ട് ആ പ്രശ്നമുണ്ടായിരുന്നില്ല. ഏകജാലക കനാൽ സംവിധാനം അന്നുണ്ടായിരുന്നില്ല. മത്സ്യങ്ങൾ പുഴയിലേക്കെത്തിച്ചേരുന്ന പല കൈത്തോടുകളിലൂടെ പാടത്തേക്ക് പോകുമായിരുന്നു. ഊത്തപിടിക്കുന്നവരുടെ വലയിൽ അന്ന് 100 ശതമാനം മത്സ്യങ്ങൾ കുടുങ്ങുന്നതിനുള്ള സാധ്യത കുറവായിരുന്നു. നെൽപ്പാടങ്ങൾ നികത്തപ്പെട്ടതാണ് മത്സ്യ വൈവിധ്യത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നം. മത്സ്യങ്ങൾക്ക് മുട്ട നിക്ഷേപിക്കുന്നതിനായുള്ള ഇടങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. തോടുകൾ നികത്തപ്പെട്ടതോടെ പല പാടങ്ങളുടെയും പുഴയുമായുള്ള ബന്ധം മുറിഞ്ഞുപോയി. അത് മത്സ്യങ്ങളുടെ പ്രജനന ദേശാന്തര ഗമനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

**കാലത്തിനൊപ്പം രൂപവും മാറുന്നു**

ഊത്തപിടുത്തത്തിന്റെ സങ്കേതങ്ങൾ മാറിയതാണ് മറ്റൊരുപ്രശ്നം. പരമ്പരാഗതമായി ഊത്തപിടിച്ചിരുന്ന രീതികളും ഊത്തപിടിച്ചിരുന്നവരും ഇന്ന് കുറഞ്ഞു. ആഘോഷത്തിനും അമിതലാഭത്തിനുമായി ഊത്തപിടിക്കുന്നവർ ഇന്ന് വ്യാപകമായി ഈ രംഗത്തേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. കറണ്ടടിപ്പിച്ച് കൊന്ന് മീൻ പിടിക്കുന്നതുപോലെയുള്ള രീതികളുപയോഗിച്ചാണ് അവർ ഊത്തപിടിക്കുന്നത്. ചെറിയ കണ്ണികളുള്ള മോണോ ഫിലമെന്റ് നെറ്റ് എന്ന കുടുക്കു വലയാണ് മത്സ്യബന്ധനത്തിനായി ഇന്നുപയോഗിക്കുന്നത്. ചെറിയ കണ്ണികളുള്ള ഈ വലകൾ ഏകജാലക കനാലുകൾ പുഴയിലേക്ക് തുറക്കുന്ന വഴിക്ക് സ്ഥാപിക്കുന്നതോടെ ഏത് വലിപ്പത്തിലുള്ള മത്സ്യവും അതിൽ കുടുങ്ങുന്ന അവസ്ഥയുണ്ടാകുന്നു. അടിച്ചിൽ, ചാട്ട, കൂട് തുടങ്ങിയ ഉപകരണങ്ങളായിരുന്നു പണ്ട് ഉപയോഗിച്ചിരുന്നത്. വെളിച്ചം കണ്ടാൽ മീനുകൾ നിൽക്കുമെന്നതിനാൽ ടോർച്ചിൽ നിന്നുള്ള വെളിച്ചം കാണിച്ച് മീനുകളെ കൈകൊണ്ട് പിടിച്ചെടുക്കുന്ന വെട്ടിപ്പിടുത്തം എന്ന പരിപാടിയും ഒരു പരമ്പരാഗത രീതിയായിരുന്നു. അന്നെല്ലാം മത്സ്യങ്ങൾ മത്സ്യങ്ങൾ പിടിക്കപ്പെടാനുള്ള സാധ്യത വളരെ കുറവായിരുന്നു. അതുകൊണ്ട് ഊത്തപിടുത്തം മത്സ്യസമ്പത്തിന് ഒരു ഭീഷണിയായിരുന്നില്ല. ഇന്ന് മത്സ്യങ്ങളുടെ വംശം നിലനിൽക്കുന്നതുതന്നെ ഊത്തപിടിക്കുന്നവരുടെ കൈപ്പിഴ കൊണ്ടാണ് എന്ന് പറയേണ്ടിവരും.

ഇത്തരത്തിലുള്ള ഊത്തപിടുത്തം ശരിക്കും നിരോധിക്കപ്പെടേണ്ടതാണ്. 2010ലെ ഇൻലാൻഡ് ഫിഷറീസ് ആക്ട് പ്രകാരം ഊത്തപിടുത്തം നിരോധിക്കപ്പെട്ടിരിക്കുകയാണ്. ആക്ട് റൂളാകാത്തതുകൊണ്ട് മാത്രമാണ് നിരോധനം നടക്കാത്തത്. ഊത്ത പൂർണ്ണമായും നിരോധിക്കുന്നത് അത്ര പ്രശ്നമുള്ള കാര്യമല്ല. ആറ് ദിവസത്തെ നിരോധനം മാത്രമാണത്. പരമ്പരാഗത രീതിയിലുള്ള ഊത്തപിടുത്തം അനുവദിക്കാം. അങ്ങനെ പിടിക്കാനറിയാവുന്നവർ വളരെ കുറവാണ്. അങ്ങനെ അറിയാവുന്നവർക്ക് മാത്രമെ ഊത്തപിടിക്കുന്നതിനുള്ള ലൈസൻസ് നൽകാവൂ. ബാക്കിയുള്ളവർക്ക് അത് ജീവിതമാർഗ്ഗമൊന്നുമല്ല. ആഘോഷത്തിന്റെ ഭാഗമായി പിടിക്കുന്നെന്ന് മാത്രം. എത്ര പണം കിട്ടുന്നുണ്ടെന്ന് പറഞ്ഞാലും ഊത്തപിടുത്തം കാരണം മത്സ്യവൈവിധ്യത്തിനുണ്ടാ

*➪ മലിനീകരണം മത്സ്യവൈവിധ്യത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ പഠനങ്ങൾ നടക്കണം ➪*

കുന്ന കോടികളുടെ നഷ്ടവും പാരിസ്ഥിതിക നഷ്ടവും നികത്താൻ കഴിയാത്തതാണ്. മത്സ്യം ആ പ്രദേശത്തെ ജനങ്ങളുടെ അവകാശമാണ് എന്ന കാര്യം അംഗീകരിച്ചുകൊണ്ടാണ് ഞാൻ നിയന്ത്രണം വേണമെന്ന് പറയുന്നത്. പ്രജനന കാലത്ത് നിയന്ത്രണമുണ്ടെങ്കിൽ മാത്രമെ മത്സ്യസമ്പത്ത് നമുക്ക് തുടർന്നും കിട്ടുകയുള്ളൂ. അതുറപ്പുവരുത്തേണ്ടത് നമ്മുടെ കൂടി കടമയാണ്.

### ജൈവവൈവിധ്യം നശിക്കുന്നു

ഭക്ഷ്യയോഗ്യമല്ലാത്ത മറ്റനേകം ജീവികളും ഊത്തപിടുത്തത്തിന്റെ ഭാഗമായി ചത്തുപോകുന്നതായി കണ്ടെത്തിയിട്ടുണ്ട്. പാമ്പുകളാണ് അതിൽ മുഖ്യം. മീൻപിടിക്കുന്നതിനായി കെട്ടിയ വലകൾ പാമ്പുകുടുങ്ങി ഉപേക്ഷിക്കുന്നത് പതിവാണ്. വയലുകളിൽ മീൻ പിടിക്കാനെത്തുന്നവർ പാമ്പുകളെ ധാരാളമായി തല്ലിക്കൊല്ലാറുമുണ്ട്. ആമയും തവളയും വലയിൽ കുടുങ്ങാറുണ്ട്. അതിൽ ആൺ തവളകളുടെ ഇറച്ചി കഴിക്കുന്നതിനായി എടുക്കാറുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത ഞാണ്ടി, കട്ടപ്പുളവൻ തുടങ്ങിയ മത്സ്യങ്ങളും വലയിൽ കുടുങ്ങാറുണ്ട്. പാരിസ്ഥിതികമായി ഏറെ പ്രാധാന്യമുള്ള ഈ മത്സ്യങ്ങൾ ഭക്ഷ്യയോഗ്യമല്ലെങ്കിലും അവയേയും കരക്ക് പിടിച്ചിട്ട് കൊന്നുകളയാറാണ് പതിവ്.

### മത്സ്യസമ്പന്നതയുടെ പുഴ

അസാധാരണമാംവിധം മത്സ്യസമ്പത്തുള്ള പുഴയാണ് ചാലക്കുടിപ്പുഴ. ചാലക്കുടിപ്പുഴ തുടങ്ങുന്ന ഒരുകൊമ്പൻ തൊട്ട് പെരിയാറിൽ ചേരുന്ന ഇളന്തിക്കര വരെ 105 ഓളം മത്സ്യവൈവിധ്യത്തെയാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. അതിൽ ഒരുകൊമ്പൻ തൊട്ട് വെറ്റിലപ്പാറ വരെയുള്ള പ്രദേശങ്ങളിൽ 33 ഇനം മത്സ്യങ്ങളാണ് കാണുന്നത്. കൂരൽ, കുയിൽ, മോഡോൺ, കൽനക്കി, കൊയ്ത്ത, ചോരക്കണിയാൻ, കല്ലോട്ടി എന്നിവയാണ് അതിൽ പ്രധാനം. അതിരപ്പിള്ളിക്ക് താഴെ പുഴ പരന്നൊഴുകുന്ന സ്ഥലം മുതൽ ചാലക്കുടി വരെ 55 ഇനം മത്സ്യങ്ങളെ കണ്ടിട്ടുണ്ട്. ചാലക്കുടിയിൽ നിന്നും ഇളന്തിക്കര വരെ എത്തുമ്പോഴേക്കും മത്സ്യങ്ങളുടെ എണ്ണം 105 ആയി മാറുന്നു. പ്രാഥമിക ശുദ്ധജല മത്സ്യങ്ങളും ദ്വിതീയ ശുദ്ധജല മത്സ്യങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ട്. കേരളത്തിൽ ആകെ കണ്ടെത്തിയിട്ടുള്ള പ്രാഥമിക ശുദ്ധജല മത്സ്യങ്ങളുടെ എണ്ണം 169 ആണ്. ദ്വിതീയ ശുദ്ധജല മത്സ്യങ്ങൾ അടക്കം 210 എണ്ണത്തിനെയാണ് പുഴകളിൽ കണ്ടെത്തിയിട്ടുള്ളത്. അതിൽ 105 എണ്ണം ചാലക്കുടിപ്പുഴയിൽ ഉണ്ട് എന്നത് പുഴയുടെയും സമ്പന്നതയേയും ആരോഗ്യത്തേയുമാണ് കാണിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ചാലക്കുടിപ്പുഴ മലിനീകരിക്കപ്പെടുന്നതിന്റെ പ്രശ്നം അതീവ ഗുരുതരമാണ് എന്ന് പറയുന്നത്.

### മലിനീകരണത്തിന്റെ സ്രോതസ്സ് കണ്ടെത്തണം

ചാലക്കുടിപ്പുഴയിൽ ഇപ്പോൾ നടക്കുന്ന മലിനീകരണത്തിന്റെ തോത് എത്രയാണെന്ന് കൃത്യമായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പുഴയിലേക്ക് മാലിന്യങ്ങൾ എവിടെ നിന്നെല്ലാം വരുന്നു എന്ന് പരിശോധിക്കാൻ നിലവിൽ നമുക്ക് ഏജൻസികളൊന്നുമില്ല. എൻ.ജി.ഐ.എൽ കമ്പനിയാണ് മലിനീകരണത്തിലെ മുഖ്യപ്രതി. എൻ.ജി.ഐ.എല്ലിനെതിരെ നടക്കുന്ന സമരം വിജയിക്കേണ്ടത് അക്കാരണത്താൽ തന്നെ പ്രധാനമാണ്. പുഴയിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഭരണസ്ഥാപനങ്ങളെയും ജനങ്ങളെയും സ്ഥിരമായി അറിയിക്കുന്നതിനുള്ള ഒരു സംവിധാനം നമുക്കുണ്ടാകണം. മലിനീകരണ നിയന്ത്രണ ബോർഡ് അക്കാര്യത്തിൽ ഒരു പരാജയമാണെന്ന് തെളിഞ്ഞുകഴിഞ്ഞ കാര്യമാണ്. മലിനീകരണം മത്സ്യവൈവിധ്യത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന കാര്യത്തിലും വിശദമായ പഠനങ്ങൾ നടക്കേണ്ടതുണ്ട്. പോത്തുശ്ശേരിയിലും അന്നമനടയിലും വെറ്റിലപ്പാറയിലും മത്സ്യസമ്പത്ത് കുറയുന്നതായി ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. വിശദമായ പഠനങ്ങൾ നടന്നിട്ടില്ല.

അഴിമുഖത്ത് കാണുന്ന പല മത്സ്യങ്ങളെയും ഇന്ന് പോത്തുശ്ശേരിയിലും അന്നമനടയിലും കാണാൻ കഴിയുന്നുണ്ട്. ഉപ്പുവെള്ളം അവിടെ വരെ കയറി എന്നതാണ് അതിൽ നിന്നും മനസ്സിലാകുന്നത്. പുഴയിൽ ഒഴുക്ക് കുറയുന്നതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. പുഴ കെട്ടിക്കിടക്കുന്ന വെള്ളമായി മാറുന്നത് മത്സ്യങ്ങളുടെ വൈവിധ്യത്തെയും പുഴയുടെ ആരോഗ്യത്തെയും സാരമായി ബാധിക്കും. മത്സ്യങ്ങളുടെ അസംബ്ലി സ്ട്രക്ചറിനെ ഒഴുക്ക് നിലയ്ക്കുന്നത് സാരമായി ബാധിക്കും. പൂവാലിപ്പരലും സ്വർണ്ണവാലൻ പരലുമെല്ലാം എണ്ണത്തിൽ കുറയാൻ കാരണം അതാണ്. മത്സ്യങ്ങൾ ചത്തുപൊന്തിയ സംഭവത്തിൽ നിന്നും പുഴ എത്തിനിൽക്കുന്ന പ്രതിസന്ധികളുടെ ആഴങ്ങളിലേക്കാണ് നമുക്ക് സഞ്ചരിച്ചെത്താനുള്ളത്. അവിടെ നിന്നുകൊണ്ടാണ് പരിഹാരങ്ങൾ തിരയേണ്ടത്. ■